പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 179 | 05.03.2012 - ലെ മറുപടിക്ക്

**പി.എസ്.സി. പരീക്ഷകൾക്ക് ജില്ലാ വെയ്റ്റേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി പരീക്ഷകൾക്ക് അതത് ജില്ലകളിൽ പരീക്ഷ എഴുതുന്നവർക്ക് വെയ്റ്റേജ് നൽകുന്നതിനുള്ള ശുപാർശയിന്മേൽ പി.എസ്.സി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ജില്ലാതലത്തിൽ നേരിട്ട് നിയമനങ്ങൾ നൽകുന്ന തസ്തികകളിലേക്ക്, നിയമനം നൽകുന്നതിനായി, അതാത് ജില്ലയിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക്, തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ജില്ലാതല ഉദ്യോഗസ്ഥൻ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 5 മാർക്കിന്റെ വെയിറ്റേജ് നൽകുവാൻ KS&SSR പാർട്ട് II ചട്ടം 5 A-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ ഏതെങ്കിലും കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇതിനെതിരെ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 18.01.2012 -ൽ 16516/11 - നമ്പർ റിട്ട് ഹർജിയിലും അനുബന്ധ കേസുകളിലും ജില്ലാതല നിയമനങ്ങളിൽ നേറ്റിവിറ്റിക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനെതിരെ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പി.എസ്.സി. ലഭ്യമാക്കിയ കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ജില്ലാതല നിയമനങ്ങളിൽ വെയിറ്റേജ് മാർക്ക് നൽകുന്നതിനെതിരെയുള്ള കോടതി വിധിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഒന്നിൽക്കൂടുതൽ ജില്ലകളിൽ പരീക്ഷ എഴുതുന്നവരെ കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (സി) | ജില്ലാതല തെരഞ്ഞെടുപ്പുകളിൽ ഒന്നിൽ കൂടുതൽ ജില്ലയിൽ അപേക്ഷിക്കുന്നവർക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്